"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അർച്ചന.കെ.ഒ., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 1914/2023-മേലുള്ള 09.07.2024-ലെ ഉത്തരവ് - ഭാഗിക അനുവർത്തനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2264/2024/H&FWD തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-

1. OA (EKM) Nos.1912/2023, 1914/2023 എന്നീ ഹർജികളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.04.2024 തീയതിയിലെ ഉത്തരവ്.
2. സ.ഉ.(സാധാ) നം.1412/2024/ആകുവ തീയതി 11.06.2024.
3. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.1914/2023-മേലുള്ള 09.07.2024-ലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.07.2024, 17.08.2024 എന്നീ തീയതികളിലെ DHS/16869/2024-EB3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഹിത, ഡോ.അർച്ചന എന്നിവർ 2023-ലെ പൊതുസ്ഥലംമാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA 1912/2023, 1914/2023 ഹർജികളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് അനുവർത്തനം ചെയ്ത് പരാമർശം (2) ഉത്തരവ് 1-ാം എതിർകക്ഷിയായ സർക്കാർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും, ആയതിനു ശേഷം ഡോ.അർച്ചന OA (EKM) 1914/2023-മേൽ Miscellaneous Application ഫയൽ ചെയ്യുകയും, പ്രസ്തുത ഹർജി പരിഗണിച്ച ട്രൈബ്യൂണൽ 09.07.2024-ന് മറ്റൊരു ഉത്തരവ് കൂടി പുറപ്പെടുവിച്ചിരിക്കുന്നു. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ടെന്നും, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകിയിരിക്കുന്ന ഡോ.അമ്പിളി.പി.സി., ടിയാൾക്ക് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒഴിവ് നിലവിൽ വരുന്ന സാഹചര്യത്തിൽ പ്രസ്തുത ആശുപത്രിയിൽ നിയമനം നൽകുവാൻ അപേക്ഷ

സമർപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ഉത്തരവ് കൈപ്പറ്റി മൂന്ന് ആഴ്ചയ്ക്കുള്ളിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിലവിൽ വന്ന ഒഴിവിൽ നിയമനം ലഭ്യമാക്കണമെന്നുള്ള ഡോ.അമ്പിളി.പി.സി.-യുടെ അപേക്ഷ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, ഡോ.അമ്പിളിയുടെ സ്ഥലംമാറ്റം കാരണം കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതിനായി ഡോ.അർച്ചന, ഡോ.പ്രസില്ല മസ്കാരനസ്സ് എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനും, ഡോ.അമ്പിളി.പി.സി.-യുടെ ഉത്തരവ് പുറപ്പെടുവിച്ച് ഒരു മാസത്തിനുള്ളിൽ ടിയാളുകളെ നേരിൽ കേട്ടതിനുശേഷം ഉത്തരവ് പുറപ്പെടുവിക്കുന്നതിനും 1-ാം എതിർകക്ഷിയായ സർക്കാരിന് പരാമർശം (3) ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

2) നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ഒഴിവ് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച ഡോ.ബാസിമ.പി. സ്ഥാപനത്തിൽ 26.02.2024-ൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം 155 ദിവസത്തെ ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും, 31.07.2024-ൽ അവധി അവസാനിക്കുന്നതിനാൽ 01.08.2024-ന് തിരികെ ജോലിയിൽ പ്രവേശിക്കാമെന്ന് അറിയിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു. 01.08.2024-ൽ തിരികെ ജോലിയിൽ പ്രവേശിച്ച ഗൈനക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ബാസിമ.പി.-ക്ക് കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് ആശുപത്രിയിൽ നിയമനം നൽകിയിട്ടുണ്ടെന്നും, ടി സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസർ ജോലിയിൽ പ്രവേശിച്ചുവെന്നും, നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് നിലവിലുണ്ടെന്നും പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിട്ടുണ്ട്.

3) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ ഒഴിവുള്ളതിനാൽ ബഹു:ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരവും ഡോ.അമ്പിളി.പി.സി., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) സമർപ്പിച്ചിരിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലും, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അമ്പിളി.പി.സി.-ക്ക് നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലെ ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

4) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് ഇപ്രകാരം ഭാഗികമായി അനുവർത്തനം ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മലപ്പുറം/കോഴിക്കോട്.
ഡോ.അർച്ചന.കെ.ഒ., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഡോ.അമ്പിളി.പി.സി., ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 23-09-2024 10:51:01

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി